# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2201 07.12.2015 ൽ മറുപടിക്ക്

### വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, പാലോട് രവി<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.ഡി.സതീശൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പ് വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും താരതമ്യേന ചെലവ് കുറഞ്ഞതുമായ രീതിയിൽ ജലഗതാഗത മേഖലയിൽ ടൂറിസം നടപ്പിലാക്കുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഭരണതലത്തിലുള്ള അനുമതി ലഭിച്ച ശേഷമാണ് കൊല്ലം – ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസും, ആലപ്പുഴ – കൊല്ലം സർവ്വീസും പുനരാരംഭിച്ചത്. 19.01.2012 ലെ സ.ഉ (സാധാ)നം.25/2012/ഗതാ, പ്രകാരമാണ് ആലപ്പുഴ-കുട്ടനാട് പാസഞ്ചർ കം ടൂറിസ്റ്റ് സർക്കുലർ ബോട്ട് സർവ്വീസ് 'സീ-കുട്ടനാട്' എന്ന പേരിൽ 23.05.2012- മുതൽ ആരംഭിച്ചിട്ടുള്ളത്. നിലവിൽ പുതിയതായി വൈക്കം – എറണാകുളം റൂട്ടിൽ ഒരു പാസഞ്ചർ കം |

| | | | |
|---|---|---|---|
| | | | ട്ടൂറിസ്റ്റ് ബോട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ്. (ആർ.റ്റി) നം.336/2015/ ട്രാൻസ് , തീയതി 27.07.15 പ്രകാരവും ആലപ്പുഴ – കുമരകം-കോട്ടയം റൂട്ടിൽ മറ്റൊരു ട്ടൂറിസ്റ്റ് കം സർവ്വീസ് ബോട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് (ആ.റ്റി) നം.335/2015/ട്രാൻസ്, തീയതി 27.07.15 പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ